# പ്രവാചകവിപ്ലവത്തിന്റെ രീതിശാസ്ത്രം

## സൂറഃ അൽജുമുഅയുടെ വെളിച്ചത്തിൽ

മുഹമ്മദ് നബി(സ) ഒരു വിപ്ലവകാരിയായിരുന്നു. എന്നാൽ അദ്ദേഹം ഒരു സാധാരണ വിപ്ലവകാരിയായിരുന്നില്ല. മാനവചരിത്രത്തിൽ ഏറ്റവും സമ്പൂർണവും സർവതല സ്പർശിയുമായ വിപ്ലവം സാധിച്ച മഹാനാണ് അന്ത്യപ്രവാചകൻ.

ചരിത്രത്തിലെ വലിയ വിപ്ലവങ്ങളായി അവതരിപ്പിക്കപ്പെടുന്നവയാണ് റഷ്യൻ വിപ്ലവവും ഫ്രഞ്ച് വിപ്ലവവും. ഈ രണ്ട് വിപ്ലവങ്ങൾക്കും മനുഷ്യരുടെ ജീവിതദിശയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുണ്ടായില്ല. റഷ്യൻ വിപ്ലവം പരിശോധിച്ചുനോക്കുക. അതൊരു വലിയ വിപ്ലവമായിരുന്നുവെന്നതിൽ സംശയമില്ല. പക്ഷേ, അതു മുഖേന ഭാഗികമായ പരിവർത്തനം മാത്രമാണുണ്ടായത്. സാമ്പത്തിക വ്യവസ്ഥയുടെ ചട്ടക്കൂട് മാറിയെന്നു മാത്രം. ഭൗതികവാദം ഒരു പടികൂടി മുന്നോട്ടുപോയി വൈരുധ്യാധിഷ്ഠിത ഭൗതികവാദമായി. ഉൽപാദനോപാധികൾ സാമൂഹിക ഉടമസ്ഥതയിലാക്കി എല്ലാ വ്യക്തികൾക്കും ആനുപാതികമായ ഓഹരി ലഭ്യമാക്കാൻ ആ വിപ്ലവത്തിലൂടെ ശ്രമിച്ചു. സാമ്പത്തികരംഗത്തെ ഈ മാറ്റമൊഴികെയുള്ള അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും മനുഷ്യജീവിതത്തിലുണ്ടാക്കാൻ റഷ്യൻ വിപ്ലവത്തിന് സാധിച്ചില്ല.

ഇപ്രകാരം ഫ്രഞ്ച് വിപ്ലവത്തിലൂടെയും ജനങ്ങളുടെ ചിന്തകൾക്കോ വിശ്വാസത്തിനോ മാറ്റം വന്നില്ല. ഭരണസംവിധാനം മാത്രമാണ് മാറിയത്. ഏകാധിപത്യം അവസാനിച്ച് ജനാധിപത്യത്തിന് ആരംഭം കുറിച്ചു. ഭൂമിയിലെ അറിയപ്പെടുന്ന മറ്റെല്ലാ വിപ്ലവങ്ങളും ഈ രണ്ട് വിപ്ലവങ്ങൾക്കും താഴെയാണ്. എന്നാൽ മുഹമ്മദ് നബി (സ) നടപ്പിലാക്കിയ വിപ്ലവത്തിലൂടെ ജനങ്ങളുടെ വിശ്വാസവും വീക്ഷണങ്ങളും ചിന്താഗതിയും ജീവിതരീതിയും സാമ്പത്തികമേഖലയും രാഷ്ട്രീയ രംഗവുമെല്ലാം വലിയ പരിവർത്തനത്തിന് വിധേയമായി. ഇതുപോലെ സമ്പൂർണവും സമഗ്രവുമായ ഒരു വിപ്ലവം പ്രയോഗവത്കരിക്കാൻ മറ്റാർക്കും സാധിച്ചിട്ടില്ല.

മറ്റൊരു കാര്യം കൂടി ശ്രദ്ധിക്കുക: ലോകത്തെ ഏതാണ്ടെല്ലാ വിപ്ലവങ്ങളുടെയും ചിന്തയും ആശയവും മുന്നോട്ടുവെച്ച വ്യക്തികളല്ല അവ പ്രയോഗവത്കരിച്ചിരിക്കുന്നത്. വോൾട്ടയർ, റൂസ്സോ പോലുള്ള ചിന്തകന്മാരും എഴുത്തുകാരുമായിരുന്നു ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാനമായി വർത്തിച്ച ചിന്തകൾ സമർപ്പിച്ചത്. വിപ്ലവം നടപ്പാക്കിയതാവട്ടെ മറ്റു ചിലരും. രക്തരൂഷിതമായ വിപ്ലവമായിരുന്നു അത്. ഒരുപക്ഷേ, ആ ചിന്തകന്മാർ പോലും ഇത്രയധികം രക്തച്ചൊരിച്ചിലോടു കൂടിയ ഒരു വിപ്ലവം മുന്നിൽ കണ്ടില്ലായിരുന്നിരിക്കാം. റഷ്യൻ വിപ്ലവത്തിന്റെ അവസ്ഥയും ഇതുപോലെത്തന്നെയാണ്. ജർമനിയിൽ ജീവിച്ചിരുന്ന കാൾ മാർക്സാണ് ആ വിപ്ലവാശയം സമർപ്പിച്ചത്. പക്ഷേ, ചെറിയൊരു ഗ്രാമത്തിൽ പോലും തന്റെ ആശയങ്ങൾക്കനുസൃതമായ വിപ്ലവം നടപ്പാക്കാൻ മാർക്സിന് സാധിക്കുകയുണ്ടായില്ല. വിദൂരമായ മറ്റൊരു രാജ്യത്ത് ലെനിൻ എന്ന കർമോത്സുകനായ വ്യക്തിയുടെ കൈകളിലൂടെയാണ് ആ വിപ്ലവം യാഥാർഥ്യമായത്. വിപ്ലവങ്ങളെ കുറിച്ച ചിന്ത സമർപ്പിച്ചവരും അത് പ്രയോഗവത്കരിച്ചവരും വ്യത്യസ്ത വ്യക്തികളായിരുന്നുവെന്ന് ചുരുക്കം.

ഇനി മുഹമ്മദ് നബി(സ) സാക്ഷാത്കരിച്ച വിപ്ലവം പരിശോധിച്ചുനോക്കുക. ഒരൊറ്റ വ്യക്തിയിൽനിന്ന്- പ്രവാചകനിൽനിന്ന്- ആണ് ആ വിപ്ലവത്തിനായുള്ള ആഹ്വാനവും പ്രബോധനവും ആരംഭിക്കുന്നത്. കേവലം ഇരുപത്തിമൂന്ന് വർഷം കൊണ്ട് ആ വിപ്ലവം പൂർത്തിയാക്കുകയും ചെയ്തു. പ്രവാചകജീവിത ചരിത്രത്തിൽ ഈ വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങൾ കാണാം. ഇസ്ലാമിക വിപ്ലവത്തിനായി ഓരോ വ്യക്തിയെയും നിശ്ചയദാർഢ്യവും സ്ഥൈര്യവും നൽകി പ്രവാചകൻ വളർത്തിയെടുത്തത് എങ്ങനെയാണെന്നും പരിശോധിക്കേണ്ടതുണ്ട്.

### വിപ്ലവത്തിന്റെ അടിസ്ഥാനം

നബി(സ)യോടൊപ്പം നിലയുറപ്പിച്ചവരുടെ അകത്തുണ്ടായ വിപ്ലവമാണ് പുറത്ത് സമഗ്രമായ ഒരു വിപ്ലവത്തിന് അവരെ സജ്ജരാക്കിയത്. അവരെ രൂപപ്പെടുത്തിയെടുത്ത അടിസ്ഥാന പദ്ധതിയും രീതിശാസ്ത്രവും ഏതാണെന്ന് സൂറഃ *അൽജുമുഅ*യിൽ വിശദീകരിക്കുന്നുണ്ട്: "നിരക്ഷരന്മാർക്കിടയിൽ അവരിൽനിന്നു തന്നെ ഒരു ദൈവദൂതനെ നിയോഗിച്ചത് അവനാകുന്നു. അദ്ദേഹം അവർക്ക് അവന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുന്നു. അവരെ സംസ്കരിക്കുന്നു. അവർക്ക് കിതാബും ഹിക്മത്തും പഠിപ്പിച്ചുകൊടുക്കുന്നു. അവർ ഇതിനു മുമ്പ് തികഞ്ഞ ദുർമാർഗത്തിലായിരുന്നുവല്ലോ" (*അൽജുമുഅ* 2).

ഈ സൂക്തത്തിൽ നാല് സാങ്കേതിക ശബ്ദങ്ങൾ പരാമർശിക്കുന്നുണ്ട്. ഖുർആനിൽ നാലിടങ്ങളിൽ ആവർത്തിക്കുന്നുവെന്നത് ഇവയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. സൂറഃ *അൽബഖറ*യിൽ ഇബ്റാഹീം നബി(അ)യുടെയും ഇസ്മാഈൽ നബി(അ)യുടെയും പ്രാർഥനയിൽ ഈ നാലു കാര്യങ്ങൾ പ്രതിപാദിക്കുന്നുണ്ട്. അതേ അധ്യായത്തിൽ തന്നെ അവരുടെ പ്രാർഥന സ്വീകരിച്ചതിനെക്കുറിച്ച് പറയുന്നിടത്തും ഇവ ആവർത്തിക്കുന്നു. സൂറഃ *ആലുഇംറാനിൽ* ദൈവദൂതനെ നിയോഗിച്ച് അല്ലാഹു ചെയ്ത അനുഗ്രഹത്തെ കുറിച്ച് ഓർമിപ്പിക്കുമ്പോഴാണ് പിന്നീട് ഇവയെക്കുറിച്ച് പറയുന്നത്. ഏറ്റവും ഒടുവിലത്തേതാണ് സൂറഃ *അൽജുമുഅ*യിലെ, മുകളിലുദ്ധരിച്ച സൂക്തം.

ഇസ്മാഈൽ വംശത്തെക്കുറിച്ച് സൂചിപ്പിക്കാനാണ് ഖുർആൻ സാങ്കേതികമായി *ഉമ്മിയ്യൂൻ* എന്ന് പ്രയോഗിച്ചിരിക്കുന്നത്. എഴുത്തും വായനയും അറിയുന്നവർ അവരിൽ വളരെ കുറവായിരുന്നു. ഇസ്മാഈൽവംശത്തെ അപേക്ഷിച്ച് ഇസ്രാഈൽ വംശം വേദക്കാരും എഴുത്തും വായനയും അറിയുന്നവരുമായിരുന്നു. അവർക്കിടയിൽ നിയമവും വ്യവസ്ഥയും നീതിന്യായ സംവിധാനവും പണ്ഡിത

ന്മാരും നിയമജ്ഞരുമെല്ലാം ഉണ്ടായിരുന്നു. ഇസ്മാഈലികൾക്കിടയിൽ വേദഗ്രന്ഥമോ നിയമമോ വ്യവസ്ഥയോ ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല, അക്ഷരജ്ഞാനമുള്ളവർതന്നെ വളരെ കുറവായിരുന്നു.

ദൈവികസൂക്തങ്ങൾ ഓതിക്കേൾപ്പിക്കൽ, സംസ്കരണം, കിതാബ് പഠിപ്പിക്കൽ, ഹിക്മത്ത് പഠിപ്പിക്കൽ എന്നീ നാല് സാങ്കേതിക പ്രയോഗങ്ങളാണ് ഈ സൂക്തത്തിലുള്ളത്. ഇവ നാലും പരസ്പരം വളരെ അടുത്ത ബന്ധമുള്ളവയാണ്. ഇവ ഖുർആനുമായി ബന്ധപ്പെട്ടവയാണു താനും.

## ദൈവികസൂക്തങ്ങൾ ഓതിക്കൊടുക്കൽ

പ്രവാചകത്വ ദൗത്യത്തിന്റെയും പ്രബോധനത്തിന്റെയും പ്രാരംഭബിന്ദുവായിരുന്നു ദൈവികസൂക്തങ്ങൾ ഓതിക്കൊടുക്കൽ. മനസ്സ് അല്ലാഹുവിലേക്ക് തിരിക്കലും ഉള്ളിൽ വിശ്വാസവും ദൈവസ്മരണയും ദൈവബോധവും ഉളവാക്കലുമാണ് ഇതിന്റെ അടിസ്ഥാനലക്ഷ്യം. മരണാനന്തര ഉയിർത്തെഴുന്നേൽപിനെക്കുറിച്ചും പരലോക രക്ഷാശിക്ഷകളെക്കുറിച്ചുമുള്ള വിശ്വാസവും ദൈവിക സൂക്തങ്ങളിലൂടെയാണ് ലഭിക്കുക. പ്രവാചകന്റെ മക്കാ ജീവിതകാലത്ത് അവതീർണമായ ഖുർആനികാധ്യായങ്ങളിൽ ഏകദൈവത്വം, പ്രവാചകത്വം, പരലോകം എന്നിവ ഊന്നിപ്പറയുന്നത് ശ്രദ്ധേയമാണ്. ചിന്തയും മസ്തിഷ്കവും സംസ്കരിക്കാനുള്ള അടിസ്ഥാനമാർഗം ദൈവികസൂക്തങ്ങൾ കേൾപ്പിക്കുകയാണ്. ആളുകളുടെ മനസ്സുകളിൽ ഇസ്‌ലാമിക വിപ്ലവം ഉണ്ടാക്കാൻ ഇന്നും നാം ആദ്യം ചെയ്യേണ്ടത് ഇതുതന്നെയാണ്. മനുഷ്യമനസ്സുകളിൽ നിന്ന് നിരീശ്വരത്വവും ഭൗതികതയും ബഹുദൈവത്വവും നീക്കം ചെയ്ത് ദൈവത്തിലും പ്രവാചകനിലും പരലോകത്തിലുമുള്ള വിശ്വാസം രൂഢമൂലമാക്കിയാണ് പ്രവാചകൻ വിപ്ലവത്തിന് തുടക്കം കുറിച്ചത്.

ആദർശപ്രചാരണത്തെയും പ്രബോധനത്തെയും സൂചിപ്പിക്കാൻ ഖുർആൻ ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങളുടെയെല്ലാം കേന്ദ്രവും മർമവും ഖുർആനാണെന്ന് കാണാം. ഉദ്ബോധനം പ്രവാചകന്മാരുടെ ചുമതലകളിലൊന്നാണ്. *ഖാഫ്* അധ്യായത്തിൽ ഇതേക്കുറിച്ച് പറയുന്നു: "താക്കീതിനെ ഭയപ്പെടുന്നവരെ താങ്കൾ ഈ ഖുർആൻ കൊണ്ട് ഉപദേശിക്കുക" (*ഖാഫ്* 45). തബ്‌ലീഗ് ആണ് ഇത്തരത്തിലുള്ള മറ്റൊരു സാങ്കേതികശബ്ദം. ഇതിനെക്കുറിച്ച് ഖുർആൻ ഒരിടത്ത് പറയുന്നത് കാണുക: "ഓ ദൈവദൂതരേ, താങ്കളുടെ നാഥങ്കൽനിന്ന് അവതരിച്ചുകിട്ടിയത് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക" (*അൽമാഇദ* 67). നന്മ ചെയ്യുന്നവർക്ക് സന്തോഷവാർത്തയും തിന്മ ചെയ്യുന്നവർക്ക് താക്കീതും പ്രവാചകന്മാരുടെ ചുമതലയിൽപെടുന്നു. ഇവ രണ്ടിനെയും ഖുർആനുമായി ബന്ധപ്പെടുത്തി പറയുന്നതു കാണാം: "നിങ്ങൾക്കും ഇത് ലഭിക്കുന്നവർക്കൊക്കെയും ഞാൻ മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി, ദിവ്യസന്ദേശം വഴി ഈ ഖുർആൻ എന്നിലേക്ക് അയക്കപ്പെടുകയും ചെയ്തിരിക്കുന്നു" (*അൽഅൻആം* 19). "നാം ഈ വചനങ്ങളെ ലളിതമാക്കി താങ്കളുടെ ഭാഷയിൽ അവതരിപ്പിച്ചിട്ടുള്ളത്, താങ്കൾ ഭക്തജനങ്ങളെ സന്തോഷവാർത്ത അറിയിക്കേണ്ടതിനും കുതർക്കികളായ ജനത്തെ താക്കീത് ചെയ്യുന്നതിനുമാകുന്നു" (*മർയം* 97).

ഖുർആനിലൂടെയാണ് പ്രവാചകൻ പ്രബോധനം ആരംഭിച്ചത്. ഖുർആനിക സൂക്തങ്ങൾ പാരായണം ചെയ്ത് കേൾപ്പിക്കലായിരുന്നു പ്രവാചകവിപ്ലവത്തിന്റെ പ്രാരംഭബിന്ദു.

## സംസ്കരണം

മനുഷ്യരുടെ പ്രവൃത്തികൾ ചിന്തയുടെയും വീക്ഷണത്തിന്റെയും അടിസ്ഥാനത്തിലുള്ളവയാണ്. ചിന്താഗതിയും കാഴ്ചപ്പാടും ദുഷിച്ചതാണെങ്കിൽ കർമവും ദുഷിക്കും. അവ രണ്ടും നന്നായാൽ കർമം നന്നാകും. കർമം നന്നാകാൻ ആദ്യം ചിന്ത നന്നാകണം. ഖുർആൻ മുഖേന ചിന്തയും കാഴ്ചപ്പാടും സംസ്കരിക്കുകയും അതുവഴി കർമങ്ങൾ നന്നാക്കുകയും ചെയ്യുക എന്ന സംസ്കരണരീതിയാണ് പ്രവാചകൻ സ്വീകരിച്ചത്. സംസ്കരണത്തിന്റെ അടിസ്ഥാനം ഖുർആൻ തന്നെയാണ്: "അല്ലയോ ജനങ്ങളേ, നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള ഉപദേശം സമാഗതമായിക്കഴിഞ്ഞു. അത് മനസ്സിലുള്ള രോഗങ്ങൾക്ക് ശമനമാണ്. അത് സ്വീകരിക്കുന്നവർക്ക് സന്മാർഗദർശകവും അനുഗ്രഹവുമാകുന്നു" (*യൂനുസ്* 57).

ചിന്തകളെയും കാഴ്ചപ്പാടുകളെയും ശരിപ്പെടുത്തുകയും മൂല്യവ്യവസ്ഥയെ ശരിയായ അടിത്തറയിൽ ഉറപ്പിക്കുകയും ചെയ്യുന്നത് ഖുർആനാണ്. മനുഷ്യരുടെ ഉള്ളിൽ വിപ്ലവമുണ്ടാക്കാനുള്ള മാർഗമാണിത്. ഈ വിപ്ലവത്തിന്റെ ഫലമായി തെറ്റായ ചിന്തകളും കർമങ്ങളും ആചാരങ്ങളും തുടച്ചുനീക്കപ്പെടുന്നു. അകത്തെ വിപ്ലവത്തെ തുടർന്ന് പുറത്തും വിപ്ലവമുണ്ടാകുന്നു.

## കിതാബ് പഠിപ്പിക്കൽ

നിയമത്തെ സൂചിപ്പിക്കാൻ ഖുർആനിൽ 'കിതാബ്' എന്ന് ഉപയോഗിക്കുന്നുണ്ട്. നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു, നിങ്ങൾക്ക് യുദ്ധം നിർബന്ധമാക്കിയിരിക്കുന്നു എന്നീ സൂക്തങ്ങളിൽ *കുതിബ* (നിർബന്ധമാക്കി/ നിയമമാക്കി) എന്നാണുള്ളത്. 'നിയമം അതിന്റെ നിശ്ചിത പരിധി എത്തുന്നതുവരെ' (*അൽബഖറ* 235) എന്നതിൽ നിയമത്തെ 'കിതാബ്' എന്നാണ് പരാമർശിക്കുന്നത്. ഇവിടെ പറയുന്ന 'കിതാബ് പഠിപ്പിക്കൽ' നിയമം പഠിപ്പിക്കലാണ്. പ്രവാചക വിപ്ലവത്തിന്റെ രീതിശാസ്ത്രം വ്യക്തമാക്കുന്നിടത്ത് ഒന്നാമതായി ദൈവികസൂക്തങ്ങൾ ഓതിക്കൊടുക്കുന്നു എന്നാണ് പറയുന്നത്. ഖുർആനാണ് ഇതുകൊണ്ടുദ്ദേശ്യം. പിന്നീട് 'അവരെ സംസ്കരിക്കുന്നു' എന്ന് പറയുന്നു. ഖുർആനിക പഠനത്തിന്റെ സ്വാഭാവിക ഫലമായ ആത്മസംസ്കരണമാണ് ഉദ്ദേശ്യം. തുടർന്ന് പറയുന്ന 'അവരെ കിതാബ് പഠിപ്പിക്കുകയും ചെയ്യുന്നു' എന്നതിലെ *കിതാബ്* ശരീഅത്ത് നിയമങ്ങളാണ്.

ശരീഅത്ത് നിയമങ്ങൾ നടപ്പാക്കാൻ ഒരു മുൻഗണനാക്രമമുണ്ട്. മനസ്സും മസ്തിഷ്കവും മാറാതെ അവ നടപ്പാക്കാൻ സാധിക്കുകയില്ല. മനസ്സ് പരിവർത്തിതമാവുകയും അതിൽ വിശ്വാസം നിറയുകയും ചെയ്യുന്നതോടെ അത് കൃഷിക്ക് ഒരുക്കിയ നിലം പോലെയാകുന്നു. ഇനി അതിൽ നിയമങ്ങളും വ്യവസ്ഥകളുമാകുന്ന വിത്ത് വിതക്കാം. ഖുർആനികാധ്യാപനങ്ങളിലൂടെ വിശ്വാസം കൈക്കൊള്ളുകയും ആത്മസംസ്കരണം നേടുകയും ചെയ്യുന്നവർ നിയമങ്ങളെ ഹൃദയപൂർവം സ്വീകരിക്കുകയും പാലിക്കുകയും ചെയ്യും.

ഖുർആന്റെ അവതരണത്തിലും ഈ മുൻഗണനാക്രമം ദീക്ഷിച്ചതായി കാണാം. ആദ്യഘട്ടത്തിൽ അവതരിച്ച അധ്യായങ്ങൾ മനസ്സിൽ വിശ്വാസപരമായ അടിസ്ഥാനങ്ങൾ ഊട്ടിയുറപ്പിക്കുന്നവയാണ്. അതിനുശേഷം പിൽക്കാലത്താണ് നിയമനിർദേശങ്ങൾ അവതരിക്കുന്നത്. പ്രവാചകന്റെ വിപ്ലവത്തിലും ഈ ക്രമം പാലിക്കപ്പെട്ടു. മാനസികവും ചിന്താപരവുമായ തർബിയത്തിനു ശേഷം പ്രവാചകാനുയായികൾക്കു നൽകിയ നിയമങ്ങൾ അവർ മനഃപ്രയാസം കൂടാതെ സ്വീകരിച്ചു. അത്രയും കാലം മദ്യപിച്ചു നടന്നിരുന്നവർ പോലും മദ്യം നിരോധിച്ചപ്പോൾ ആ നിമിഷം മുതൽ അത് ഉപേക്ഷിച്ചു. 'അല്ലാഹു കച്ചവടം അനുവദനീയമാക്കുകയും പലിശ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു' എന്ന ഒരു വചനം കൊണ്ടു മാത്രം അവർ പലിശയിൽനിന്ന് അകന്നുനിന്നു. നിയമം നടപ്പാക്കുന്നതിനു മുമ്പായി ജനമനസ്സുകളിൽ ദൃഢമായ ദൈവവിശ്വാസവും പരലോകബോധവും ഊട്ടിയുറപ്പിച്ചതുകൊണ്ടാണ് ഇത് സാധ്യമായത്. പ്രവാചകവിപ്ലവത്തിന്റെ അമാനുഷികതലം കൂടിയാണിത്.

## ഹിക്മത്ത് പഠിപ്പിക്കൽ

ചിന്താപരമായ പക്വതയും ശരിയാ

യ നിരീക്ഷണങ്ങളിൽ എത്തിച്ചേരാനുള്ള കഴിവും ഹിക്മത്ത് ആണ്. മനുഷ്യൻ ആർജിക്കുന്ന ഗുണങ്ങളിൽ ഏറ്റവും ഉന്നതമാണിത്. അതുകൊണ്ടാണ് പ്രവാചകവിപ്ലവ രീതിശാസ്ത്രത്തിന്റെ അവസാനഘട്ടത്തിൽ ഇതുകൂടി ഉൾപ്പെടുത്തിയത്. ശരീഅത്തിലെ കൽപനകളും വിലക്കുകളും പാലിക്കേണ്ടത് വിശ്വാസത്തിന്റെ അനിവാര്യ താൽപര്യമാണ്. എന്നാൽ ഒരു നിയമവിധി എന്തുകൊണ്ടാണെന്നും അതിനുപിന്നിലെ പൊരുളെന്താണെന്നും നിയമത്തിനു പരിഗണിച്ച കാരണമെന്താണെന്നും വ്യക്തിപരവും സാമൂഹികവുമായ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ മതത്തിൽ പ്രസ്തുത നിയമത്തിനുള്ള സ്ഥാനവും പ്രാധാന്യവുമെന്തെന്നുമുള്ള കാര്യങ്ങളിൽ ഉൾക്കാഴ്ചയുണ്ടാവൽ കേവലമായ നിയമപാലനത്തേക്കാൾ ഉന്നതമായ പദവിയാണ്. ഈ പദവിയിലെത്തിയാൽ നിയമങ്ങളെ ഭാരമായല്ല അനുഗ്രഹമായാണ് കാണുക. ഹിക്മത്ത് ലഭിച്ചവന് വളരെയേറെ നന്മ ലഭിച്ചുവെന്നും ഖുർആൻ പറഞ്ഞിട്ടുണ്ട് (*അൽബഖറ* 269). സത്യവും അസത്യവും തിരിച്ചറിയുന്നതിലും മതത്തിൽ ഏതിനാണ് മുൻഗണനയെന്നും ഏതെല്ലാമാണ് അടിസ്ഥാനവും ശാഖകളുമെന്നും മനസ്സിലാക്കുന്നതിലും ഹിക്മത്തിന് വലിയ പ്രാധാന്യമുണ്ട്.

വിശുദ്ധ ഖുർആനിലൂടെ അല്ലാഹു നമുക്ക് നൽകുകയും മുഹമ്മദ് നബി(സ) തന്റെ ജീവിതത്തിലൂടെ പ്രയോഗവത്കരിച്ച് കാണിക്കുകയും ചെയ്ത ഈ മുൻഗണനാക്രമവും രീതിശാസ്ത്രവുമാണ് ഇക്കാലത്തും ഇസ്‌ലാമികവിപ്ലവം സാക്ഷാത്കരിക്കാൻ മുറുകെപ്പിടിക്കേണ്ടത്. ■